**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 627** **24-06-2026-ൽ മറുപടിയ്ക്ക്**

**ഗോത്ര ബന്ധു പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** ഗോത്ര വിഭാഗങ്ങളിലെ കുട്ടികളുടെ സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയാൻ മുൻ സർക്കാർ 2017-ൽ ആരംഭിച്ച ഗോത്രബന്ധു പദ്ധതി പ്രകാരം താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന മുഴുവൻ മെന്റർ ടീച്ചർമാരെയും ഈ അധ്യായന വർഷം ജോലിയിൽ പ്രവേശിപ്പിക്കേണ്ടതില്ല എന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉത്തരവിറക്കിയിട്ടില്ല. ഗോത്ര വിഭാഗം മെന്റർ അധ്യാപകരെ സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക് നിയമനത്തിന്റെ സ്വഭാവമനുസരിച്ച് അവരുടെ സേവനം അവസാനിപ്പിക്കുകയും, അദ്ധ്യയന വർഷം ആരംഭിക്കുന്ന മുറയ്ക്ക് നിയമിച്ചു വരികയാണ് ചെയ്തു വന്നിരുന്നത്. നടപ്പ് വർഷം മെന്റർ ടീച്ചർമാരെ പുതിയതായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** ഈ ഉത്തരവുമൂലം എത്ര പേർക്കാണ് ജോലി നഷ്ടമാകുന്നതെന്ന് അറിയിക്കാമോ?

**മറുപടി:** 'എ ' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**സെക്ഷൻ ഓഫീസർ**